56 (74) പോലീസ് സേനയിലെ തസ്തികകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന പോലീസ് സേനയിലെ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ച്, ജില്ലാ ആംഡ് റിസർവ്, ആംഡ് പോലീസ് ബറ്റാലിയൻ എന്നീ മൂന്നു വിഭാഗങ്ങളിൽ സബ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, സൂപ്രണ്ട് ഓഫ് പോലീസ് (നോൺ ഐ.പി.എസ്.) എന്നീ റാങ്കുകളിൽ എത്ര വീതം തസ്തികകളുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

I. ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ച് :

1. സബ് ഇൻസ്പെക്ടർ	- 872
2. സർക്കിൾ ഇൻസ്പെക്ടർ	- 223
3. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്	- 152.

II. ജില്ലാ ആംഡ് റിസർവ് :

1. റിസർവ് സബ് ഇൻസ്പെക്ടർ	- 268
2. റിസർവ് ഇൻസ്പെക്ടർ	- 51
3. അസിസ്റ്റന്റ് കമാണ്ടന്റ്	- 44

III. ആംഡ് പോലീസ് ബറ്റാലിയൻ :

1. ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ	- 201
2. ആംഡ് പോലീസ് ഇൻസ്പെക്ടർ	- 66
3. അസി. കമാണ്ടന്റ്	- 33

കൂടാതെ പോലീസ് സൂപ്രണ്ട് (നോൺ ഐ.പി.എസ്.) തസ്തികയിൽ മൂന്നു വിഭാഗങ്ങളിലുമായി 33 പേർ ജോലി നോക്കിവരുന്നു.

57 (75) ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ ടി.എ.

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ 9/99 മുതലുള്ള പ്രതിമാസ യാത്രാബത്ത ,ടി.എ., ഡി.എ. എത്ര;

(ബി) ഓരോ ബറ്റാലിയനുകളിലും 9/99 മുതൽ എ.പി. എസ്.ഐ. മാർക്ക് കൊടുക്കുന്ന പ്രതിമാസയാത്രാബത്ത, ടി.എ,ഡി.എ. ബറ്റാലിയൻ തിരിച്ച് വ്യക്തമാക്കുമോ;

(സി) എ.എസ്.പി. ബറ്റാലിയനിലെ എം.പി.എസ്.ഐ.മാർക്ക് മാത്രം പ്രതിമാസ യാത്രാബത്ത ടി.എ.,ഡി.എ. 50 ശതമാനം മാത്രമായി കൊടുക്കുവാൻ കാരണമെന്താണ്; ഇതു സംബന്ധമായി എന്തെങ്കിലും നിയമമോ ഉത്തരവുകളോ നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ അത്തരം നിയമങ്ങൾ ഭേദഗതി വരുത്തി എം.എസ്.പി. ബറ്റാലിയനിലെ എ.പി.എസ്.ഐ മാർക്ക് 9/99 മുതലുള്ള പുതുക്കിയ നിരക്കിലുള്ള പ്രതിമാസ യാത്രാബത്ത അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇപ്രകാരം യാത്രാ ബത്ത കുറച്ചുകൊണ്ടുള്ള നിയമങ്ങളോ ചട്ടങ്ങളോ നിലവിലില്ലായെങ്കിൽ മാനദണ്ഡം ലംഘിച്ച് എം.എസ്.പി. ബറ്റാലിയനിലെ എ.പി.എസ്.ഐ. മാർക്ക് മാത്രം യാത്രാ ബത്തയിൽ കുറവു വരുത്തുവാൻ കാരണമെന്തെന്ന് പറയുമോ;

(എഫ്) കെ.എസ്.ആറും ശമ്പളകമ്മീഷൻ ഉത്തരവുകളും അനുസരിച്ചുള്ള പ്രതിമാസ യാത്രാബത്ത 9/99 മുതൽ എം.എസ്.പി. ബറ്റാലിയനിലെ എ.പി.എസ്.ഐ.മാർക്കും അനുവദിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

58 (76) പോലീസുകാർക്ക് ചികിൽസാസഹായം

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജോലി ചെയ്തുകൊണ്ടിരിക്കെ അപകടം സംഭവിച്ചു പരിക്കുപറ്റിയ പോലീസുകാർക്ക് ചികിത്സയിനത്തിൽ എത്ര രൂപ വരെ അനുവദിക്കും;

(ബി) നിലവിൽ ഇത്തരത്തിൽ അപകടത്തിൽ പരിക്കുപറ്റിയ ഏതെങ്കിലും പോലീസുകാരനു അർഹതപ്പെട്ട ചികിത്സാസഹായം ലഭിച്ചില്ല എന്നതിന്റെ പേരിൽ ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എറണാകുളം സിറ്റി-പള്ളുരുത്തി സബ് സ്റ്റേഷനിൽ ജോലിചെയ്യുന്ന ഗോപാലകൃഷ്ണൻ എന്ന കോൺസ്റ്റബിളിന് ഈ ഇനത്തിൽ ചികിത്സാസഹായം ലഭ്യമായിട്ടില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 25.11. 1998-ലെ ശമ്പള പരിഷ്കരണ ഉത്തരവിലെ (ജി.ഒ.(പി) 2000/98/ഫിൻ.) 28-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നപ്രകാരമാണ് അപകടം സംഭവിച്ച് പരിക്കുപറ്റുന്ന പോലീസുകാർക്ക് എക്സ്ഗ്രേഷ്യ അനുവദിക്കുന്നത്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

59 (77) എ.എസ്.പി., സി.ഐ. എന്നിവരെ സംബന്ധിച്ച പരാതി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം എ.എസ്.പി. ആയിരുന്ന മഹിപാൽ യാദവ്, സി.ഐ. രാജേന്ദ്രൻ എന്നിവരുടെ ഔദ്യോഗിക പ്രവർത്തനങ്ങളിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് എത്ര പരാതികളാണ് ഇതുവരെ കിട്ടിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly